**ലൈംഗികതയുമായി ബന്ധപ്പെട്ട ചർച്ചകളിൽ കുടുംബഘടനയെ പൂർണ്ണമായും കുറ്റവിമുക്തമാക്കുന്ന അശ്ലീലത്തെക്കുറിച്ചുള്ള വീക്ഷണങ്ങളെ വിമർശിക്കുന്നു**

**കെ.എം. വേണുഗോപാൽ**

# അശ്ലീലരചനകളെപ്പറ്റി ചില അന്വേഷണങ്ങൾ

**അശ്ലീലം** എന്ന് വ്യവഹരിക്കപ്പെടുന്ന സംഗതികൾ പ്രധാനമായും രണ്ട് കാരണങ്ങളാലാണ് അങ്ങനെയാവുന്നതായി കരുതപ്പെടുന്നത്. ഒന്നാമത്തേത്, കുടുംബത്തിന് നിരക്കാത്തതെല്ലാം അശ്ലീലം എന്ന വാദത്തിൽ ഊന്നുന്നു. ഇത് കൂടുതലായും 'എന്താണ് അശ്ലീലം' എന്നതിലേറെ എന്തല്ല അത് എന്ന് വ്യക്തമാക്കുന്ന ഉദാഹരണങ്ങളിലൂടെയാണ് നമ്മുടെ മുന്നിൽ വരുന്നത്. കുടുംബസമേതം കാണാൻ പറ്റുന്ന സിനിമകൾ, കുടുംബവാരികകൾ, പ്രായത്തിനും വൈവാഹിക പദവിക്കും യോജിച്ച വിധത്തിലുള്ള സ്ത്രീകളുടെ വസ്ത്രധാരണം (ഉദാ: വിവാഹത്തിന് മുമ്പ് അനുവദനീയമായ വസ്ത്രധാരണം വിവാഹത്തിന് ശേഷം ചിലപ്പോൾ അശ്ലീലമായി വിധിക്കപ്പെടുന്നു), വൈവാഹിക പദവിക്കിണങ്ങുന്ന ശരീരഭാഷ (വിദ്യാർത്ഥിനികളായിരിക്കുമ്പോൾ പെൺകുട്ടികൾക്ക് അഭിലഷണീയമായ ചലനസ്വാതന്ത്ര്യവും ശരീരഭാഷകളും കുടുംബിനികൾക്ക് ചേർന്നതല്ലാത്തതായി കരുതപ്പെടുന്നു).

മേൽവിവരിച്ചതെല്ലാം അശ്ലീലവാദത്തിന്റെ പ്രയോക്താക്കൾ മിക്കവാറും മതവിശ്വാസികളായ വലതുപക്ഷമാണ്. സ്ത്രീയുടെ ശരീരം തന്നെ ഏറെക്കുറെ അശുദ്ധമോ അശ്ലീലമോ ആണെന്ന വിവക്ഷകൾ ധാരാളമായി ഈ അശ്ലീലവാദത്തിൽ കാണാം. നാടൻ ഭാഷാപ്രയോഗത്തിൽ 'അശ്രീകരം' എന്ന സംസ്കൃതജന്യമായ പദം ഇത്തരം വ്യവഹാരങ്ങളിൽ ഉപയോഗിക്കപ്പെടുന്നു. ആർത്തവകാലങ്ങളിലോ, ആർത്തവചക്രം പ്രവർത്തനക്ഷമമായ പ്രായപരിധിയിലോ അവർ നേരിട്ട് മതപരമായ അനുഷ്ഠാനങ്ങളിൽ മുഴുകുന്നതോ, ക്ഷേത്രദർശനം നടത്തുന്നതോ അശുദ്ധിക്കിടയാക്കുന്നതായി കരുതപ്പെടുന്നു. (ശബരിമലയിലെ അയ്യപ്പവിഗ്രഹത്തിനും സന്നിധാനത്തിനും ഒരു സ്ത്രീസാന്നിധ്യം 'അശുദ്ധി' യുണ്ടാക്കുന്നതു സംബന്ധിച്ച് നടത്തിയ ദേവപ്രശ്നവും മാധ്യമങ്ങൾ ഏറെ ആഘോഷിച്ച വിവാദവും പതിനെട്ടാംപടികയറാൻ സ്ത്രീക്ക് ഒരിക്കലും സാധ്യമല്ല

എന്നതിനെ ഉറപ്പിക്കാൻ വേണ്ടി യായിരുന്നുവെന്ന് അടുത്തയിടെ നമ്മൾ കണ്ടു).

രണ്ടാമത്തെ അശ്ലീലസിദ്ധാന്തം, ഇടതുപക്ഷത്തിലെയും ഫെമിനിസ്റ്റുകളിലെയും ഒരു വിഭാഗം ഉന്നയിക്കുന്നതാണ്. സ്ത്രീയുടെ ശരീരം കച്ചവടവസ്തുവാക്കുന്ന ഉപഭോഗമയമായ ഒരു കമ്പോളവ്യവസ്ഥയെ പ്രതിരോധിക്കുന്നതിന് അശ്ലീലസിദ്ധാന്തത്തെ കൂട്ടുപിടിക്കുകയാണവർ ചെയ്യുന്നത്. സ്ത്രീക്ക് ശരീരത്തിന്മേലുള്ള സ്വയം നിർണ്ണയാധികാരം നഷ്ടപ്പെടുത്തുന്ന മതാധിഷ്ഠിതവും കുടുംബപരവുമായ സദാചാരഘടനകളെ രാഷ്ട്രീയ-പ്രത്യയശാസ്ത്ര തലങ്ങളിൽ ചോദ്യം ചെയ്യുമ്പോൾപ്പോലും, യഥാർത്ഥ ജീവിതത്തിന്റെ സ്ഥലകാല സീമകളിൽ സ്വയം നിർണ്ണയാധികാരം പ്രാവർത്തികമാക്കാൻ സ്ത്രീക്ക് കഴിയുകയില്ല എന്ന് അവർ വാദിക്കുന്നു. അങ്ങനെയുള്ള ശ്രമങ്ങൾക്ക് പിന്തുണ നൽകിയാൽ കമ്പോളതാൽപ്പര്യങ്ങൾ അവയെ ചൂഷണം ചെയ്യുമെന്നും ഫലത്തിൽ സ്വയംനിർണ്ണയാധികാരവും വിമോചനത്തിന്റെ ദിശാബോധവും സ്ത്രീകൾക്ക് കൈമോശം വരുമെന്നും അവർ ഭയപ്പെടുന്നു. സെക്സ്റാക്കറ്റുകളും ടൂറിസവ്യവസായവും എല്ലാം നിയന്ത്രിക്കുന്നത് മുതലാളിത്ത ആൺകോയ്മാഘടനകൾ ആണെന്നിരിക്കെ, ലൈംഗികതയിൽ പ്രധാനമായും ഊന്നിയിരിക്കുന്ന സ്വയംനിർണ്ണയവാദം എന്നെങ്കിലും സ്ത്രീക്ക് സാധ്യമാകണമെങ്കിൽത്തന്നെ സാമ്രാജ്യത്വ ആൺകോയ്മാഘടനകൾ അന്തിമമായി മറികടക്കേണ്ടതുണ്ടെന്ന് അവർ വാദിക്കുന്നു. ഈ വിഭാഗത്തിൽപ്പെടുന്ന ഫെമിനിസ്റ്റുകളുടെ മറ്റൊരു മുഖ്യമായ വാദഗതി, അശ്ലീലരചനകളിലൂടെ സ്ത്രീകളുടെ ലൈംഗികാഭീഷ്ടങ്ങളുടെ ആധികാരികത ആൺകോയ്മ മിക്കവാറും നശിപ്പിക്കാൻ ശ്രമിക്കുകയാണെന്നും, അതിനാൽ സ്ത്രൈണലൈംഗികതയുടെ മേലെ ആൺകോയ്മയുടെ 'അപ്രഖ്യാപിതമായ സെൻസർഷിപ്പ്' ആണ് അശ്ലീല സൃഷ്ടികൾ എന്നുമാണ്. (Andrei Dowrkin 'Pornography')

ദ്വൗർക്കിന്റെയും മറ്റും വാദങ്ങളിൽ കാതലായ അളവിൽ സത്യത്തിന്റെ അംശമുണ്ടെന്ന് കാണുമ്പോൾപ്പോലും അശ്ലീലരചനകളെക്കുറിച്ച് അത്രത്തോളമുള്ള സാമാന്യവൽക്കരണം സാധ്യമാകുമോ എന്ന കാര്യം പരിശോധിക്കേണ്ടതുണ്ട്. മേൽപ്പറഞ്ഞ രണ്ട് വാദങ്ങൾക്കും കൂടുതൽ ശ്രദ്ധേയമായവിധം പ്രകടമാകുന്ന ന്യൂനത, അവ ലൈംഗികതയുമായി ബന്ധപ്പെട്ട ചർച്ചയിൽ കുടുംബഘടനയെ പൂർണ്ണമായും കുറ്റവിമുക്തമാക്കുന്നുവെന്നതാണ്. അശ്ലീലസാഹിത്യം സ്ത്രീയുടെ ആധികാരികലൈംഗികസ്വത്വത്തിനുമേൽ ആൺകോയ്മ നടത്തുന്ന ആഘോഷപൂർണ്ണമായ തേർവാഴ്ചയാണെങ്കിൽ, മറുവശത്ത് ഉള്ള ഏകദാമ്പത്യ- ഉഭയലിംഗകുടുംബത്തിനകത്ത് എവിടെയാണ് സ്ത്രീകൾക്ക് സ്വതന്ത്രകർത്തൃത്വം ഉള്ളത്? നേരത്തെ നമ്മൾ കണ്ടതുപോലെ, ലൈംഗികാഭീഷ്ടങ്ങളുടെ സാക്ഷാത്കാരം ഉഭയലിംഗകുടുംബത്തിലൂടെ മാത്രമാണ് സ്ത്രീ പുരുഷഭേദമന്യെ എല്ലാവർക്കും സാധ്യമാകുന്നതെന്നും, അതുതന്നെ ഒട്ടേറെ പരിമിതമായ നിലയിലും സാദാചാരനിയമങ്ങൾക്ക് വിധേയമായിട്ടുമാണെന്നതും അശ്ലീലവാദികളുടെ സെൻസർഷിപ്പ് സിദ്ധാന്തത്തിൽ എന്തുകൊണ്ട് ഇടം നേടുന്നില്ല എന്ന് അന്വേഷിക്കേണ്ടതാണ്. ശരീരത്തെയും ലൈംഗികതയെയും അനാവശ്യമായി പ്രശ്നവത്കരിക്കുന്ന അശ്ലീലവാദം, അശ്ലീലമെന്നതിന് ചരിത്രപരമായ നിർവചനം നൽകുന്നതിൽ പരാജയപ്പെടുന്നു. ഏംഗൽസ് ബൂർഷ്വാദാമ്പത്യത്തെ വിശകലനം ചെയ്തപ്പോൾ, അതിന് സമാന്തരമായി നിലനിൽക്കുന്ന ഒരു സ്ഥാപനമെന്ന നിലയിലാണ് വ്യഭിചാരത്തെക്കണ്ടത്: ഈ കാഴ്ചയിൽ, ഒന്ന് മറ്റേതിന്റെ വിപരീതമല്ല, സമാന്തരമാണ് എന്നതാണ് ഏംഗൽസിന്റെ നിരീക്ഷണത്തെ ശ്രദ്ധേയമാക്കുന്നത്. സ്വകാര്യസ്വത്തുടമസ്ഥതയെയും ഭരണകൂടത്തെയും കുടുംബത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന ചരിത്രപരമായ യുക്തിയിലാണ് കുടുംബവിശുദ്ധിയുടെയും ചാരിത്ര്യത്തിന്റെയും നിരാസം അടങ്ങിയിരിക്കുന്നത്.

പത്തൊൻപതാം നൂറ്റാണ്ടിൽ റാഡിക്കൽ സ്ത്രീവാദത്തിന്റെ ഒരു പൂർവ്വധാരയെ ആശയപരമായി അടിച്ചമർത്തിയ യാഥാസ്ഥിതികരായ സാമൂഹ്യവിശുദ്ധിവാദികളായ ഫെമിനിസ്റ്റുകൾ ചെയ്തതുപോലെ, ലൈംഗികതയുടെ സാധ്യതകൾ വിമോചനത്തിനുവേണ്ടി സാക്ഷാൽക്കരിക്കുന്നതിനുപകരം അതിന്റെ അപായങ്ങളിൽനിന്ന് സ്ത്രീകളെ സംരക്ഷിച്ചുനിർത്താനാണ് അശ്ലീലതാവിരുദ്ധവാദികളായ ഇന്നത്തെ സ്ത്രീവാദികൾ ഏറെ പണിപ്പെ



**ലൈംഗികാഭീഷ്ടങ്ങളുടെ സാക്ഷാത്കാരം ഉഭയലിംഗ കുടുംബത്തിലൂടെ മാത്രമാണ് സ്ത്രീപുരുഷഭേദമന്യെ സാധ്യമാകുന്നതെന്നും, അതുതന്നെ പരിമിതമായ നിലയിലും സാദാചാരനിയമങ്ങൾക്ക് വിധേയമായിട്ടുമാണെന്നതും അശ്ലീലവാദികളുടെ സെൻസർഷിപ്പ് സിദ്ധാന്തത്തിൽ എന്തുകൊണ്ട് ഇടം നേടുന്നില്ല എന്ന് അന്വേഷിക്കേണ്ടതാണ്**

ടുന്നതെന്നും, ഈ കാഴ്ച്ചപ്പാടിന്റെ ഫലമായി, ലൈംഗികാഭീഷ്ട സാക്ഷാത്കാരത്തിന്റെ സ്ഥാനത്ത്, അതിക്രമഭീകതിക്ക് മുൻതൂക്കം ഉള്ള സദാചാര ബോധനപരമായ അതിവചനമായി (moralistic prudery) സ്ത്രീവാദത്തെ മാറ്റുകയാണവർ ഫലത്തിൽ ചെയ്യുന്നതെന്നും ഐലീൻ ഫില്ലിപ്സൺ ചൂണ്ടിക്കാട്ടുന്നു (Phillipson, Ilene: The Regression of History and Gender: A critical perspective on the Feminist Sexuality Debate, in ‘Signs’: Autunn 1984, P. 113). അതുപോലെ, എല്ലൻവില്ലിസ്, അശ്ലീലരചനകളെ “ദാമ്പത്യേതരവും പ്രത്യുൽപ്പാദനപരവുമല്ലാത്ത” ലൈംഗികതകളെ അടിച്ചമർത്തുന്നതിനോടുള്ള ഒരു ‘പ്രതിഷേധമായിട്ടും’ “ലൈംഗികാനന്ദങ്ങളെയൊട്ടാകെ വിലക്കിയിരിക്കുന്ന ഒരു സംസ്ക്കാരത്തിനോടുള്ള പ്രതിഷേധരൂപമായിട്ടും വിശേഷിപ്പിക്കുന്നുണ്ട്”. (Ellen Willis, Quoted by Ilene Phillipson; ibid).

ശരീരത്തിനുമേൽ വ്യക്തികൾക്കുള്ള സ്വയംനിർണ്ണയാധികാരം നിരുപാധികമായി ആവിഷ്കരിക്കാൻ കഴിയുന്ന ഒരു ഇടതുപക്ഷ - ഫെമിനിസ്റ്റ് പദ്ധതിക്ക് കീഴിൽ അശ്ലീല ചർച്ചകളും ഉൽക്കണ്ഠകളും താനേ അപ്രസക്തമാകാനുള്ള സാധ്യതയുണ്ട്. അശ്ലീലമെന്ന അവമതിയിൽ നിന്നും തങ്ങൾ മോചിതരാണെന്ന് പ്രഖ്യാപിക്കുന്ന രണ്ട് ഗൊദാർദിയൻ കഥാപാത്രങ്ങൾ ഇങ്ങനെ ലോകത്തോട് വിളിച്ചുപറയുന്ന സന്ദർഭം ‘കാർമെൻ’(1993) എന്ന സിനിമയിൽ ഉണ്ട്. : “We are not shit, the world is” (ഞങ്ങൾ അല്ല അഴുക്ക്, ലോകമാണ്).

അശ്ലീലരചനകളെ പ്രശ്നവൽക്കരിക്കുന്നതുമായി ബന്ധപ്പെട്ട് ഫെമിനിസ്റ്റുകൾക്കിടയിൽ ഉണ്ടായിരിക്കുന്ന ചേരിതിരിവിൽ അസ്വാഭാവികമായി ഒന്നും ഇല്ല. ഇരുപക്ഷത്തും ഭാഗികമായ ശരികളും തെറ്റുകളും ഉണ്ടെങ്കിൽപ്പോലും അവ പ്രത്യക്ഷത്തിൽ കാണുന്നതുപോലെയോ പലപ്പോഴും അവതരിപ്പിക്കപ്പെടുന്നതു പോലെയോ സത്തയിൽ വിശുദ്ധമല്ലെന്ന് കാണാം. കാരണം, ആൺകോയ്മയുടെ കമ്പോള - അധീശത്വസംസ്ക്കാരത്തിൽ നിന്നും സ്ത്രീകൾക്ക് തീർച്ചയായും സംരക്ഷണം ലഭിക്കേണ്ടതാണ് എന്ന കാര്യത്തിൽ ഇവിടെ തർക്കമില്ല. അതേസമയം, താരതമ്യേന സുരക്ഷിതമായ സ്ഥലത്തിരുന്ന് കുടുംബഘടനയ്ക്കെതിരെ ഒന്നും പ്രതികരിക്കാതെ, അതിനകത്തുനിന്നും പ്രതീക്ഷിക്കാവുന്ന സംരക്ഷണം നേടുക എന്നതല്ല സ്ത്രീവാദത്തിന്റെ ആത്യന്തികലക്ഷ്യം എന്നിടത്തും ഇരുപക്ഷവും തമ്മിൽ യാതൊരു ഭിന്നിപ്പും ഇല്ല. അതിനാൽ പ്രായോഗികജീവിതത്തിൽ ‘കുടുംബത്തിനകത്തും’ ‘പുറത്തും’ നിൽക്കുന്നവർ പരസ്പരം നിലപാടുകൾ മനസ്സിലാക്കിക്കൊണ്ട് യോജിക്കാവുന്നിടങ്ങളിലൊക്കെ ഐക്യത്തിന്റെ മേഖലകൾ വിശാലമാക്കുകയും വിയോജിക്കുന്നിടങ്ങളിൽ പരസ്പര ബഹുമാനം പുലർത്തി ഐക്യത്തിലേക്കുള്ള പാതയൊരുക്കുകയാണ് അഭികാമ്യം.

അണുകുടുംബങ്ങളിൽ ഒതുക്കപ്പെട്ട സ്ത്രീപുരുഷന്മാരും അവരുടെ കുഞ്ഞുങ്ങളും (ഒന്നോ രണ്ടോ ആയി എണ്ണം പരിമിതപ്പെട്ട) രാഷ്ട്രീയമായി സ്വന്തം നില മനസ്സിലാക്കാനോ സർഗ്ഗാത്മകമായി സമൂഹവുമായി ഇടപഴകാനോ കഴിയാത്ത ദയനീയ അവസ്ഥയിലാണിന്ന് എന്ന് കേരളത്തിലെ ചിത്രം സൂചിപ്പിക്കുന്നു. അവരുടെ മുഴുവൻ വിഭവശേഷിയും സമയവും സ്ഥലവും കുടുംബനിർമ്മിതിയിൽ അർപ്പിതമായിരിക്കുന്നതിനാൽ, മലയാളി മധ്യവർഗ്ഗ ഗൃഹസ്ഥൻ തന്റെ ജീവിതത്തെ സുരക്ഷിതമാക്കുന്നതായി സങ്കൽപ്പിക്കപ്പെടുന്നു. ഇത്തരം ഗാർഹികചിന്തയുമായി ഇണങ്ങാത്ത ഏതൊരാശയത്തെയും അന്ധമായി എതിർക്കുകയോ സംശയദൃഷ്ടിയോടെ മാറ്റിനിർത്തുകയോ, അവഗണിക്കുകയോ ചെയ്യുകയാണയാൾ. ഭദ്രവും സദാചാരനിരതവുമായ ദാമ്പത്യത്തിൽ, മക്കളെ വഴിതെറ്റാതെ വിദ്യഭ്യാസത്തിലൂടെ (പെൺമക്കളെ മാന്യമായി വിവാഹം ചെയ്യിച്ചും) കൈ പിടിച്ചുകരപറ്റിക്കേണ്ട ബദ്ധപ്പാടിൽ, അനുദിനം വർദ്ധിച്ചുവരുന്ന ലൈംഗികക്കുറ്റങ്ങളിൽ നിന്നും മറ്റ് സദാചാരഭ്രംശങ്ങളിൽ നിന്നും കുടുംബത്തെ കാത്തുസൂക്ഷിക്കുന്നതിൽ, മറ്റുള്ളവർ വരുത്തുന്നതായി സങ്കൽപ്പിക്കപ്പെടുന്ന ഓരോ വീഴ്ചയും അയാൾ ഗൃഹപാഠമാക്കുന്നു. ഗാർഹികവൽക്കരണത്തിന്റെ തോത് എത്ര ഏറുന്നുവോ, അത്രയും വേഗത്തിൽ താനും കുടുംബവും കരകയറിവരുന്നതായി സങ്കൽപ്പിക്കുന്നതാണ് ഈ ഗൃഹപാഠത്തിന്റെ ഉള്ളടക്കം.

## ഗാഡ്ഗിൽ റിപ്പോർട്ട് യാഥാർത്ഥ്യമാക്കൂ...

പ്രൊഫ. മാധവ് ഗാഡ്ഗിലിന്റെ നേതൃത്വത്തിൽ 2010ൽ രൂപം കൊണ്ട പശ്ചിമഘട്ട വിദഗ്ദ്ധപഠന പാനൽ തങ്ങളുടെ റിപ്പോർട്ട് കേന്ദ്രവനം - പരിസ്ഥിതി മന്ത്രാലയത്തിന് നൽകിയിരുന്നു. ഈ റിപ്പോർട്ട് പൊതുജനസമക്ഷം അഭിപ്രായരൂപീകരണത്തിനായി മന്ത്രാലയം നൽകിയിരിക്കുകയാണ്. റിപ്പോർട്ട് http://moef.nic.in/downloads/public-information/wg-23052012.pdf എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. നിരവധി സംസ്ഥാനങ്ങളുടെ അധികാരകേന്ദ്രങ്ങളിൽ നിന്നും എതിർപ്പ് നേരിടുന്ന ഈ റിപ്പോർട്ടിന്റെ നിലനിൽപ്പിന് പൊതുജനങ്ങളുടെ മറുപടി ഏറെ നിർണ്ണായകമാണ്. **ജൂലൈ 9ന്** അകം ഈ റിപ്പോർട്ട് വായിച്ച് നിങ്ങളുടെ അഭിപ്രായങ്ങളും ഇ - മെയിൽ വഴിയോ ഫാക്സ് വഴിയോ അയയ്ക്കുക. വിലാസങ്ങൾ : amit.love@nic.in, sv.godavarthi@nic.in.


**കാൾഷീറ്റ് ബുക്ക് ചെയ്യാം**

ജൈവകൃഷി, പ്രകൃതിജീവനം, പരിസ്ഥിതി കഥാപ്രസംഗം, സീറോ ബജറ്റ് കൃഷി, സീറോ ബജറ്റ് നേച്ചർ ക്യുവർ, ചിലവ് കുറഞ്ഞ കെട്ടിട നിർമ്മാണം എന്നീ വിഷയങ്ങളിൽ എന്റെ പരിമിതമായ അറിവും സേവനവും ആവശ്യമുള്ളവർക്ക് കാൾഷീറ്റ് ബുക്ക് ചെയ്യാം. തൃശൂർ ജില്ലയ്ക്കുള്ളിൽ മൂന്ന് മണിക്കൂർ 1000 രൂപ. ജില്ലയ്ക്ക് പുറത്ത് 1500 രൂപ + യാത്രാ ചിലവ് (മൂന്ന് മണിക്കൂർ).

*ബന്ധങ്ങൾക്ക്:*

**കരീം.കെ. പുറം. 9400593481**



**കേരളീയം വരിസംഖ്യ 240 രൂപ അയയ്ക്കുമല്ലോ...**

**വായനക്കാരുടെ പ്രതികരണങ്ങൾ**

അറിയിപ്പുകൾ അഭിപ്രായങ്ങൾ

**എഴുതുക/വിളിക്കുക/അയക്കുക**

**കേരളീയം, കൊക്കാലെ, തൃശൂർ-21**

ഫോൺ : 0487-2421385,9446576943

e-mail : mailkeraleeyam@gmail.com